# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1116    02.03.2017 ൽ മറുപടിക്ക്**

**ഒറ്റൂർ - മണമ്പൂർ - ആലംകോട്- കിളിമാനൂർ റോഡ്**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ബി.സത്യൻ** | **ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) 2016-17 സാമ്പത്തിക വർഷത്തെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ ഒറ്റൂർ - മണമ്പൂർ - ആലംകോട്- കിളിമാനൂർ റോഡ് നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി എന്തായി; വിശദാംശങ്ങൾ നൽകുമോ; | എ) 2016-17 സാമ്പത്തിക വർഷത്തെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ ഒറ്റൂർ - മണമ്പൂർ- -ആലംകോട്- കിളിമാനൂർ റോഡ് നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പുരോഗമിക്കുകയാണ്. |
| ബി) 2016-17സാമ്പത്തിക വർഷം ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ ഭരണാനുമതി ലഭ്യമായ റോഡ്, പാലം, കെട്ടിടം എന്നിവയുടെ വിശദാംശം നൽകുമോ; | ബി) 2016-17സാമ്പത്തിക വർഷം ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ കെട്ടിടവിഭാഗത്തിൻ കീഴിൽ ഭരണാനുമതി ലഭിച്ച പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.<br>ദേശീയപാത വിഭാഗത്തിൻ കീഴിൽ കേന്ദ്രസർക്കാരിന്റെ സി ആർ എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി കല്ലമ്പലം -പുല്ലുർമുക്ക് - നഗരൂർ - കാരേറ്റ് റോഡിന്റെ നവീകരണത്തിന് 16 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>നിരത്തുകളും പാലങ്ങളും വിഭാഗത്തിൻ കീഴിൽ ബാബ ഹോസ്പിറ്റൽ - അവനവഞ്ചേരി - ഊരുപൊയ്ക റോഡ് നവീകരണത്തിന് രണ്ടു കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| സി) ദേശീയപാതയിൽ ആറ്റിങ്ങൽ പട്ടണത്തിൽ സൗജന്യമായി സ്ഥലം | സി) ദേശീയപാത 47 ൽ ആറ്റിങ്ങൽ പട്ടണത്തിൽ പൂവമ്പാറ പാലം (കി മീ 535/600) മുതൽ |

നൽകി റോഡ് വീതികൂട്ടുന്ന പദ്ധതി പ്രകാരം എന്തെല്ലാം പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു; തുടർപ്രവർത്തനത്തി നാവശ്യമായ തുക വകയിരുത്തിയോ ; തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

മൂന്ന്മുക്ക് വരെ ( കി മീ **532/600**) വീതി കൂട്ടുന്ന പദ്ധതിക്ക് **22.75** കോടി രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതി നൽകിയിട്ടുള്ളതും പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന കമ്മിറ്റി തീരുമാന പ്രകാരം സൗജന്യമായി ലഭ്യമാക്കാമെന്നേറ്റിരുന്ന ഭൂമി നാളിതുവരെയും പൊതുമരാമത്ത് വകുപ്പിന് കൈമാറി കിട്ടിയിട്ടില്ല. ഭൂമി ലഭ്യമാക്കുന്നതിനുള്ള സർവ്വേ നടപടികൾ റവന്യൂ വിഭാഗത്തിന്റെ നേതൃത്വത്തിൽ പുരോഗമിക്കുന്നു. വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആറ്റിങ്ങൽ മുനിസിപ്പൽ ഓഫീസിൽ വച്ച് ഇക്കാര്യത്തിനായി യോഗം ചേർന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

| SL No | Name of work | Administrative Sanction No. & amount |
|---|---|---|
| 1 | Plan Fund – Construction of multistoried Academic Block in Govt.Polytechnic College, Attingal | GO(Rt) No.2127/2016/H.Edn dated 12.08.2016 for 400 Lakhs |
| 2 | Construction of new High School Block in Govt. H S Njekkad, Attingal | GO(Rt) No.3351/2016/G.Edn dated 14.10.2016 for 399.50Lakhs |
| 3 | Construction of new building for Govt. Higher Secondary School, Vakkom | GO(Rt) No.4357/2016/G.Edn dated 14.10.2016 for 106 Lakhs |

സെക്ഷൻ ഓഫീസർ